DESPATCHED
On 7/12/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic.ker@nic.in

ഹർജി നമ്പർ എ.പി. 2620(3)/2019/എസ്.ഐ.സി.
(ഫയൽ നമ്പർ 19958/എസ്.ഐ.സി.ജി1/2019)

ഉത്തരവ് തീയതി : 16.11.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ രോഹിത് മേതയിൽ രാജഗോപാൽ,
33/441 മേതയിൽ റസിഡൻസ്, ദേശാഭിമാനി റോഡ്,
എളമക്കര പി.ഒ, കൊച്ചി – 682 026. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കളമശ്ശേരി പോലീസ് സ്റ്റേഷൻ,
കൊച്ചി സിറ്റി – 682 033.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്,
തൃക്കാക്കര.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 06.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 08.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.09.2019 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 05.12.2019 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 05.12.2019 |

## ഉത്തരവ്

O/C

16.11.2020 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ പരാതി ഹർജി ഓഡിയോ കോൺഫെറൻസിലൂടെ തീർപ്പാക്കുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കണമെന്ന് കാണിച്ച് 20.10.2020 ന് 19958/എസ്.ഐ.സി–ജി1/2019 എന്ന കത്ത് മുഖേന ഇരുകൂട്ടർക്കും കമ്മീഷൻ ജോയിന്റ് സെക്രട്ടറി നിർദ്ദേശം നൽകിയെങ്കിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) ഫോൺ നമ്പർ ലഭ്യമാക്കിയില്ല. ആയതിനാൽ അപ്പീൽ ഹർജിയും അനുബന്ധ

രേഖകളും ഹർജിക്കാരന്റെ നേരിട്ടുള്ള വിശദീകരണവും വിശദമായി പരിശോധിച്ച് ഈ അപ്പീൽ ഹർജി താഴെ പറയും പ്രകാരം ഉത്തരാവുന്നു.

2. 17.05.2012 നു ശേഷം ഏതോ രണ്ട് ദിവസങ്ങളിൽ ശ്രീ.രോഹിത് എ.ആർ മേതയിൽ ഹൗസ്, എളമക്കര പി.ഒ, കൊച്ചി എന്നയാൾ ശ്രീ.മുഹമ്മദ് നബീർ/ നബീൽ മുഹമ്മദ് എന്ന വ്യക്തിക്കെതിരെ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച രണ്ട് പരാതികളുടെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.രോഹിത് മേത യിൽ രാജഗോപാൽ 06.06.2019 ന് കളമശ്ശേരി പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ യ്ക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി, 2012 ലെ പെറ്റീഷൻ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകൻ വിവരാവകാശ അപേക്ഷ യിൽ പറയുന്നതുപോലെ പരാതി കളമശ്ശേരി പോലീസ് സ്റ്റേഷനിൽ ലഭിച്ചതായി കാണുന്നില്ലെന്നാണ്. എസ്.പി.ഐ.ഒ യുടെ ഈ മറുപടിക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയ അപ്പീൽ അധികാരി എസ്.പി.ഐ.ഒ യുടെ മറുപടി ശരിവച്ചതുകൊണ്ടാണ് ശ്രീ.രോഹിത് മേതയിൽ രാജഗോപാൽ കമ്മീഷൻ മുമ്പാകെ ഈ അപ്പീൽ ഹർജി സമർപ്പിച്ചത്.

3. ഈ പരാതി ഹർജി സംബന്ധിച്ച് ടെലഫോണിക് ഹിയറിംഗിൽ പങ്കെടുത്ത ഹർജിക്കാരൻ കമ്മീഷനിൽ ബോധിപ്പിച്ചത് 17.05.2012 നും 30.06.2012 നും ഇടയിലു ള്ള രണ്ട് ദിവസങ്ങളിലായിട്ടാണ് ടിയാൻ വിവരാവകാശ അപേക്ഷയിൽ സൂചിപ്പി ച്ചിരിക്കുന്ന പരാതികൾ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ചിട്ടുള്ളതെന്നാ ണ്. ഈ അപ്പീൽ ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ യുടെ വിശദീകരണം കേൾക്കുന്നതിനായി ടെലഫോൺ നമ്പർ ലഭ്യമാക്കണമെന്നും അപ്പീൽ ഹർജി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ ജോയിന്റ് സെക്രട്ടറി എസ്.പി.ഐ.ഒ യ്ക്ക് രേഖാമൂലം നോട്ടീസ് നൽകിയെങ്കിലും ഈ രണ്ട് നിർദ്ദേശവും എസ്.പി.ഐ.ഒ അവഗണിച്ചതായിട്ടാണ് കാണുന്നത്. ആ സ്ഥിതിക്ക്

ഈ അപ്പീൽ ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ യ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ ഈ അപ്പീൽ ഹർജി അനുവദിക്കുന്നു.

4. വിവരാവകാശ അപേക്ഷകർ ആവശ്യപ്പെടുന്ന വിവരങ്ങൾ നിഷേധിക്കുന്നത് വിവരാവകാശ നിയമത്തിലെ 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹമായ നടപടിയാണ്. ഇവിടെ ഹർജിക്കാരന് വിവരാവകാശ അപേക്ഷ നിഷേധിച്ചുവെന്ന് കരുതുവാനുള്ള കാരണം എസ്.പി.ഐ.ഒ യുടെ നിസ്സഹകരണത്തിൽ നിന്നും കാണുന്നുണ്ട്. എന്നാൽ ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് മുമ്പ് എസ്.പി.ഐ.ഒ യ്ക്ക് പറയാനുള്ളത് വിശദീകരിക്കുവാൻ ഒരു അവസരംകൂടി നൽകുന്നു. ഈ അപ്പീൽ ഹർജി സംബന്ധിച്ച വിശദമായ റിപ്പോർട്ട്, 2012 മെയ് 17 മുതൽ 2012 മെയ് 31 വരെയുള്ള കളമശ്ശേരി പോലീസ് സ്റ്റേഷനിലെ പരാതി രജിസ്റ്ററിന്റെ പകർപ്പ് സഹിതം, ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് സൗജന്യമായി നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം എസ്.പി.ഐ.ഒ യ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്ന കാര്യം കമ്മീഷൻ പരിഗണിക്കുന്നതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 നവംബർ മാസം 16–ാം തീയതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN